പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.824

05.02.2020-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഡി.സി. തിയേറ്റർ സമുച്ചയ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ആൻസലൻ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയത്തിന്റെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി യുടെ തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് പ്രസ്തുത പദ്ധതിയ്ക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നു വരുകയാണ്. ഡി പി ആർ പൂർത്തിയായാൽ മാത്രമേ എസ്റ്റിമേറ്റ് തുക സംബന്ധിച്ച് വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) സംസ്ഥാനത്ത് എത്ര തീയേറ്ററുകളാണ് കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ; അതിൽ ഡി.പി.ആർ. പൂർത്തിയായവ എത്ര; വിശദമാക്കുമോ? | (ബി) കിഫ്ബിയിൽ നിന്നും തുക കണ്ടെത്തി കേരളത്തിലുടനീളം 100 സിനിമാ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പേരാമ്പ്രയിൽ തിയേറ്റർ നിർമ്മാണ പദ്ധതിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. താനൂരിൽ തിയേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡി പി ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ പദ്ധതിയുടെ ഡി പി ആർ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കാക്കനാട്, പായം, നെയ്യാറ്റിൻകര, വൈക്കം, എന്നിവിടങ്ങളിൽ ഡി പി ആർ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ